പതിനാലാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1306 03/12/2018 ലെ മറുപടി

# പൊതു വിദ്യാലയങ്ങളിലെ അധ്യാപകരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) പൊതു വിദ്യാലയങ്ങളിലെ അധ്യാപകരുടെ ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കാമോ;

(എ) സർക്കാർ പൊതുവിദ്യാലയങ്ങളിൽ അധ്യാപക ഒഴിവുകൾ വരുന്ന മുറയ്ക്ക് അവ താത്ക്കാലികമായി നികത്തി വരുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെക്കന്ററി സ്കൂൾ അധ്യാപകരുടെ 11977 ഒഴിവുകളും ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ, സംസ്ഥാനത്തെ ഗവ: ഹയർ സെക്കന്ററി സ്കൂളുകളിൽ 1487 അധ്യാപകരുടെ ഒഴിവുകളും നിലവിൽ ഉണ്ട്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള അധ്യാപകരുടെ ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു

1. നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ).
   - ഫിസിക്സ് -7
   - കെമിസ്ട്രി - 6
   - കണക്ക് - 7
   - ഇംഗ്ലീഷ് - 3
   - ജോഗ്രഫി- 1
   - ബയോളജി- 1
   - ഇക്കണോമിക്സ്- 1
   - ഹിസ്റ്ററി- 1
   - ജനറൽ ഫൗണ്ടേഷൻ കോഴ്സ് (ജി.എഫ്.സി)- 6
2. നോൺ വൊക്കേഷണൽ ടീച്ചർ(സീനിയർ)
   - ഇംഗ്ലീഷ് - 12
   - ഫിസിക്സ്- 17
   - കെമിസ്ട്രി- 11
   - കണക്ക്- 5
   - ബയോളജി- 1
   - കോമേഴ്സ്- 18
3. വൊക്കേഷണൽ ടീച്ചർ

ഡയറിയിംഗ് മിൽക്ക് പ്രോഡക്ട് (ഡി.എം.പി)- 4

ക്രഷ് &പ്രീസ്കൂൾ മാനേജ്മെന്റ് (സി.പി.എസ്.എം) -1

ജനറൽ ഇൻഷ്വറൻസ് ( ജി.ഐ)-2

ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് (എൽ.എസ്.എം)-14

സിവിൽ കൺസ്ട്രക്ഷൻ & മെയിന്റനൻസ് (സി.സി.എം)- 2

മെയിന്റനൻസ് & റിപ്പയർ ഓഫ് ഡൊമസ്റ്റിക്

അപ്ലയൻസസ് (എം.ആർ.ഡി.എ)-12
മെയിന്റനൻസ് & റിപ്പയർ ഓഫ് റേഡിയോ &
ടെലിവിഷൻ (എം.ആർ.ആർ.റ്റി.വി)- 4
അക്കൗണ്ടൻസ് & ഓഡിറ്റിംഗ് (എ&എ) - 6

| | | |
|---|---|---|
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ? | (ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ അധ്യാപകരുടെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി സ്പെഷ്യൽ റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ തസ്തികകളിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എന്നാൽ വിദ്യാഭ്യാസ വകുപ്പുകളുടെ ലയനവുമായി ബന്ധപ്പെട്ട് വൊക്കേഷണൽ ടീച്ചർമാരുടെ നിയമനങ്ങൾ നിർത്തി വയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനാൽ വൊക്കേഷണൽ ടീച്ചർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും നിയമനങ്ങൾ നിർത്തിവയ്ക്കാൻ പി.എസ്.സി യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ